# എസ്.എം.എസ്.ജെ.ഹൈസ്കൂൾ

# തൈക്കാട്ടുശ്ശേരി

# 'മിറാക്കി'


## ഡിജിറ്റൽ മാഗസിൻ

## 2019-2020

## എസ്.എം.എസ്.ജെ.ഹൈസ്കൂൾ

## തൈക്കാട്ടുശ്ശേരി

# ലിറ്റിൽ കൈറ്റ്സ് സംരംഭം



# സന്ദേശം

വിശുദ്ധ ബൈബിളും ചരിത്രവും പഠിക്കുമ്പോൾ പ്രസിദ്ധനായ സീസറും സമർത്ഥനായ ഹോമറും വിജ്ഞാനിയാ സോളമനും ശ്രദ്ധേയരാണ്. മൂന്നു പേരുടെയും ജീവിതം കൂട്ടി വായിക്കുമ്പോൾ ഉന്നത നിലവാരത്തിന്റെ തുടിപ്പുകൾ പ്രകടമാകും.


ഏതൊരു വിദ്യാലയവും ഇത്തരത്തിൽ ഉന്നത നിലവാരത്തിലേക്ക് വരുമ്പോൾ വിദ്യാലയത്തിന്റെ ദൗത്യം പൂർത്തിയാവുക. ഇത് ലക്ഷ്യം വഹിച്ചുക്കൊണ്ട് തൈക്കാട്ടുശ്ശേരി എസ്. എം. എസ്. ജെ. ഹൈസ്കൂൾ "മിറാക്കി"ഡിജിറ്റൽ മാഗസിൻ രൂപം കൊടുക്കുകയാണ്. കുഞ്ഞുമക്കളെ സമഗ്രമായ സവിശേഷതകളോടെ വളർത്തിയെടുത്തു എല്ലാവർക്കും സന്തോഷവും ,സംതൃപ്തിയും , അന്തസും അഭിമാനവും ഉറപ്പാക്കുകയെന്നതാണ് 'മിറാക്കി' ഡിജിറ്റൽ മാഗസിൻ സ്വപ്നം കാണുന്നത്

ഇതിന്റെ അണിയറയിൽ നിന്ന് രൂപകല്പന ചെയ്തവർക്കും ഇതിന്റെ പുതുജീവൻ നൽകാൻ പരിശ്രമിച്ചവർക്കും നന്ദിയുടെ പൂച്ചെണ്ടുകൾ.



# റവ.ഫാ.ജോസ്സ് പാറപ്പുറം

# സന്ദേശം



## A.M ആരിഫ് M.P



ADV. A. M. ARIFF
(AROOR)
MEMBER
KERALA LEGISLATIVE ASSEMBLY
AROOR BHAVAN
THURAVOOR P. O.
CHERTHALA
ALAPPUZHA

ARUNYAM
THIRUVAMPADY P.O.
ALAPPUZHA-2

PHONE :
RES. : 0477-2267949
OFFICE : 0478-2563995
THIRUVANANTHAPURAM : 0471-2512298
MOBILE : 9447260665
Nila-6. B
M. L. A. HOSTEL
THIRUVANANTHAPURAM
E-mail : ariffmla@gmail.com
Website: www.amariff.com

CAMP Tvm
DATE

12.12.2018

സന്ദേശം

ശ്രീമൂലം സിൽവർ ജൂബിലി ഹൈസ്കൂൾ വിദ്യാർത്ഥികൾ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ SMSJHS ഉന്നതി എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു. പഠനത്തോടൊപ്പം വിദ്യാർത്ഥികളിലെ കാലാപരമായ കഴിവുകൾ കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനും സ്കൂൾ മാനേജ്മെന്റും അദ്ധ്യാപകരും നൽകുന്ന പ്രോത്സാഹനങ്ങൾ അഭിനന്ദനീയമാണ്. SMSJHS ഉന്നതി എന്ന പേരിൽ തയ്യാറാക്കുന്ന ഈ ഡിജിറ്റൽ മാഗസിന് എല്ലാവിധ [illegible]ളും നേരുന്നു.

MEMBER, KERALA LEGISLATIVE ASSEMBLY
AROOR



# എഡിറ്റോറിയൽ ബോർഡ്

- പ്രദ്യുമ്നൻ
- ഹരികൃഷ്ണൻ
- അവിനാഷ്
- ലിന്റാ മേരി
- രശ്മിത
- നേഹ
- ജെയ്മി
- നയന
- അതുല്യ

# എഡിറ്റോറിയൽ

2019-20 അദ്ധ്യയന വർഷത്തിൽ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ എസ്.എം.എസ്.ജെ 'മിറാക്കി' എന്ന ഡിജിറ്റൽ മാഗസിൻ ഞങ്ങൾ അവതരിപ്പിക്കുകയാണ് പൊതുവിദ്യാലയത്തിൽ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബുകൾ ആരംഭിച്ചത് തീർച്ചയായും ഐറ്റി രംഗത്ത് പുതിയ ഒരു കാൽവയ്പാണ്.മനുഷ്യ സമൂഹം സാങ്കേതിക വിദ്യയുടെ വളർച്ചയുടെ ഫലമായി വളരെയധികം വെല്ലുവിളികളെ നേരിടുന്നുണ്ട്.സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നത് ഇതിനൊരു ഉദാഹരണമാണ്. നമ്മുടെ ഭാവി തലമുറ റോബോട്ടിക്സിന്റേതായ വിസ്മയലോകത്ത് ഉറ്റുനോക്കുന്നത്. അതിന് അവരെ പ്രാപ്തരാക്കുന്നതിന് വിദ്യാലയങ്ങളിൽ നടക്കുന്ന ലിറ്റിൽ കൈറ്റ്സ് ക്ലബ്ബുകളിലൂടെയുള്ള പരിശീലനം ഒരു പ്രധാന പങ്കുവഹിക്കുന്നുയെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഈ സംരംഭത്തിൽ സഹായിച്ച ഡെന്നീസ് സാറിനും എൽസി ടീച്ചറിനും ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ നന്ദി രേഖപ്പെടുത്തുന്നു.




ജെസ്സി ജോയി

# ധരണി

**കവിത**



പണ്ഡിതനോ പാമരനോ
ധനവാനോ ദരിദ്രനോ
സവർണ്ണനോ അവർണ്ണനോ
ലിംഗഭേദമൊന്നുമില്ല
എല്ലാരും സമൻമാർ
ധരണിതൻ നിറുകയിൽ
മൂകസാക്ഷിയായി നിന്നവൾ
മഹാപ്രളയത്തിൻ മുന്നിലും
അതിജീവനപാതയിൽ
സ്വജീവൻ പകർന്നിട്ടും
ധീരപ്രജകൾക്കുമുന്നിലും
മൂകസാക്ഷിയായി നിന്നവൾ
പ്രളയമോ മഹാമാരിയോ
അഗ്നിനാളമോ വന്നീടിലും
മാറുകയില്ല മാറ്റുകയില്ലൊരിക്കലും
മാനവസ്പർദ്ധയും
അഹമെന്ന ഭാവവും
മൂകസാക്ഷിയായി നിൽപ്പവൾ
മറ്റൊരുമാരിതൻ മുൻപിലും.




രശ്മിത

# ഒരു മഞ്ഞുതുള്ളിപോലെ



പത്രത്തിന്റെ പേജുകൾ മറിക്കവെ
ആദ്യം അവളുടെ കണ്ണുകൾ ഉടക്കിയത്
ആകാശ്മേനോന്റെ ചിരിളുകുന്ന
ചിത്രത്തിലേക്കാണ്. അതിനുതാഴെ ചേർ

ത്തിരുന്ന വിടപറയലിന്റെ വരികൾ അവളെ വല്ലാതെ നൊമ്പരപ്പെടുത്തി. മനസ്സിലെ മറവിയുടെ പൂത്തുമ്പിക്ക് ചിറക് മുളച്ചുതുടങ്ങി. വർഷങ്ങളുടെ പ്രയാണത്തിനുമുമ്പ് കലാലയത്തിന്റെ സൗഹൃദങ്ങൾക്കിടയിൽ അവിചാരിതമായി കണ്ടുമുട്ടിയതായിരുന്നു ആകാശിനെ. ആ ദുഃഖഛായയുള്ള കണ്ണുകളും പുഞ്ചിരിയിൽ ഒളിഞ്ഞിരിക്കുന്ന നേരത്ത് വിഷാദവും അവന്റെ തൂലികയിൽനിന്നും ഉതിർന്നു വീഴുന്ന മാധുര്യമേറിയ കവിതകളും അവയിലെ നഷ്ടസ്നേഹത്തിന്റെ ധ്വനികളുമൊക്കെ അവർക്ക് ഏറെ ഇഷ്ടമായിരുന്നു.പിന്നീടെന്നോ അവൾ അറിഞ്ഞു അമ്മയുടെ വാത്സല്യത്തിന്റെ മധുരം തന്നെപ്പോലെതന്നെ ആകാശിനും അന്യമാണെന്ന്. പിന്നീട് അവർ അടുത്തു. എല്ലാം തുറന്നുപറയുന്ന അടുത്ത സുഹൃത്തുക്കളായി.



നയന ബാബു

# പ്രളയം മാറ്റി മരിച്ച കേരളം

ലേഖനം

യുദ്ധം കഴിഞ്ഞ കുരുക്ഷേത്രം പോലെ  തകർച്ചയുടെ കാഴ്ചകൾ എവിടെയും .തമ്മിൽ അകറ്റാൻ മനുഷ്യൻ  തീർത്ത മതിലുകൾ പ്രളയം തകർത്തിട്ടിരിക്കുന്നു .കെട്ടിയുയർത്തിയവരുടെ അടിത്തറകൾ  ഇളകി മറഞ്ഞു. പലരും ഭക്ഷണമില്ലാതെ വസ്ത്രമില്ലാതെ ഭയത്തിന്റെയും മരണഭീതിയുടെയും നിഴലിൽ രാപകലുകൾ നിരങ്ങി നീങ്ങിയ ദിവസങ്ങൾ .

വെള്ളം മേൽക്കൂരയിലേത്തിയപ്പോൾ വീടിന്റെ കഴുക്കോൽ പിടിവള്ളിയാക്കി ജീവനു വേണ്ടി യാചിക്കുന്നവർ. ഇരുട്ടിൽ ദിവസങ്ങളോളം കഴിച്ചുകൂട്ടിയ രാത്രകൾ . സംസാരിക്കുവാ

*നോ മറ്റുള്ളവരുമായി ഫോൺ ബന്ധമോ ഇല്ലാതെ നീങ്ങിയ ദിനങ്ങൾ . പ്ലാസ്റ്റിക് മാലിന്യങ്ങളും ചെളിയും വഹിച്ചു വന്ന പ്രളയം . അഴുകിയ മനുഷ്യ ജഡങ്ങളും ജീർണ്ണിച്ച് അലിഞ്ഞ ചത്ത മൃഗങ്ങളുടെയും ദുർഗന്ധം വമിക്കുന്ന കേരളം.*

*മനുഷ്യബുദ്ധിയിലെ കണക്കുകൂട്ടലുകൾ മാറ്റിമറിച്ച് ഗതി മാറി ഒഴുകിയ പ്രളയം . റോഡുകളിലൂടെ വഞ്ചികളും ബോട്ടുകളും കുട്ടകങ്ങളും തുഴഞ്ഞനാളുകൾ . ഉരുൾപ്പൊട്ടലുകൾ കൊണ്ട് മൺമറഞ്ഞവർ...... നെൽവയലുകളും പച്ചക്കറികളും എന്നുവേണ്ട മനുഷ്യ അദ്ധ്വാനങ്ങളെല്ലാം പ്രളയം വിഴുങ്ങിയെടുത്ത ദു:ഖങ്ങൾ . ക്ഷേത്രങ്ങളിലെയും , പള്ളികളിലെയും പൂജകൾ മുടക്കിയ ,പ്രളയം . മതത്തിന്റെയും പാർട്ടിയുടെയും അതിർവരമ്പുകൾ ഇല്ലാതെ പണിയെടുക്കാൻ കിട്ടിയ അവസരം വഴിയൊരുക്കിയ പ്രളയം*

*പുത്തൻ പ്രതീക്ഷകളുമായി മുന്നോട്ട് പോകാൻ ഒരുങ്ങുന്ന കേരളത്തെ , നമ്മുടെ നല്ല നാടിനെ നമുക്ക് ഒരുക്കാം .*



ജെ






# ഞങ്ങളുടെ സ്കൂൾ

ജനിക്കുകയാണെങ്കിൽ തൈക്കാട്ടുശ്ശേരിയിൽ തന്നെ ജനിക്കണം. അതെന്തിനെന്നോ? തൈക്കാട്ടുശ്ശേരി എസ്.എം.എസ്.ജെ യിൽ പഠിക്കാൻ. കാലം സ്കൂളിനെ അടയാളപ്പെടുത്തുന്നത് അത്തരത്തിലാണ്. ഈ കലാലയത്തിൽ പഠിച്ചിറങ്ങിയ ഒട്ടേറെപ്പേർ ഇന്ന് ലോകത്തിന്റെ വിവിധഭാഗങ്ങളിൽ അതിപ്രശസ്തമായ രീതിയിൽ ജോലി ചെയ്തുവരുന്നു.

മുൻ ഡി.ജി.പി ഹോർമിസ് തരകൻ സാറും,വിനോദ് തരകൻ സാറും തുടങ്ങിയവയിൽ

ചിലർ മാത്രം സ്കൂളിലെത്തുന്ന നാമേവരേയും സ്വാഗതം ചെയ്യുന്നത്, അത്യപൂർവ്വമായ വൃക്ഷലതാദികളാലും ഔഷധസസ്യങ്ങളാലും സമ്പുഷ്ടമായ ഉദ്യാനമാണ്. കളിക്കാൻ വിശാലമായ കളിസ്ഥലവും പഠിക്കാൻ വൈദ്യുതീകരിച്ച ക്ലാസ്മുറികളും, ഐ.ടി പഠനം കാര്യക്ഷമമാക്കാൻ ഡിജിറ്റലൈസ്ഡ് ക്ലാസ് മുറികളും ഇന്ന് ഞങ്ങളുടെ സ്കൂളിലുണ്ട്. വിദ്യാഭ്യാസ ജില്ലയിലെ മികച്ച ഐ.ടി ലാബുകളിലൊന്നായി അംഗീകരിക്കപ്പെട്ട സ്കൂളുകളിൽ ഒന്നാണ് ഞങ്ങളുടേത്. മറ്റേത് സ്കൂളിലേതുമെന്നപോലെ വ്യത്യസ്തങ്ങളായ ക്ലബ്ബുകളും അവയുടെ പതിവ് പ്രവർത്തനങ്ങളും ഇവിടെയും തുടരുന്നു. സ്കൗട്ട് യൂണിറ്റിന്റെ പ്രവർത്തനങ്ങളും സ്കൂളിൽ നല്ലരീതിയിൽ നടന്നു വരുന്നു. പി.ടി.എ യുടെയും നല്ലവരായ നാട്ടുകാരുടെയും മാതാപിതാക്കളുടെയും പിന്തുണയോടെ നിർദ്ധനരായ കുട്ടികൾക്കുള്ള യൂണിഫോം വിതരണം, മറ്റു പഠനോപകരണങ്ങളുടെ വിതരണം തുടങ്ങിയവയും സ്കൂളിൽ സ്ഥിരമായി നടന്നുവരുന്നു. ഇതെല്ലാം കൊണ്ടുതന്നെ ഈ സ്കൂളിലെ കലാലയ ജീവിതം വിദ്യാർത്ഥികൾ

***നന്നായി ആസ്വദിക്കുന്നുമുണ്ട്. സ്നേഹ സമ്പന്നരായ ഒട്ടേറെ അദ്ധ്യാപകരുടെ നിർലോഭമായ സ്നേഹ വാത്സല്യങ്ങൾ കൂടി ലഭിക്കുന്നു എന്നതിനാൽ ഞങ്ങൾക്കൊന്നേ പറയാനുള്ളൂ.***




**രശ്മിത**

# എലി ജന്മം

***കവിത***

ഈ പൂച്ചകളൊന്നും എലിയെ
കൊന്നിട്ട് ജനരോഷം തീർക്കില്ല
മുറിയുടെ മൂലയിൽ
ചവറുകുമ്പാരങ്ങൾക്കിടയിൽ നിന്ന്
കേൾക്കുന്ന ശബ്ദമെല്ലാം
എലി ശബ്ദമാണെന്നാ-
ക്രോശിക്കയല്ലാതെ
ഈ പൂച്ചകളൊന്നും
എലിയെ പിടിക്കില്ല
പനി പടർത്തുന്ന എലികൾ
പതുങ്ങി പതുങ്ങി
പിന്നാമ്പുറത്തേക്ക് മറഞ്ഞ്
മാളങ്ങളിൽ ധ്യാനനിരതരായിരുന്ന്
പൂച്ച ജന്മം പ്രാപിക്കുന്നു.
പൂച്ചകളായി നിലനിന്ന പൂച്ചകളൊക്കെ
താപവ്യതിയാനത്താൽ
എലികളായി പുനർ ജനിക്കുന്നു
എലികളുടെ ചീറ്റൽ
എന്റെ സ്വപ്നങ്ങളെ
രോഗാതുരതമാക്കുമ്പോഴും



**കാലാകാലങ്ങളിൽ**
**പരിണതനേടിയ പൂച്ചകൾ വിളിച്ചു പറയുന്നു.**
**ഇവിടെയെങ്ങും എലികളാണ്**
**എലികൾ മാത്രം**



**അനശ്രീ പി.എസ്**









# ചക്രവർത്തി

**കവിത**



കൊന്നും കൊലവിളിച്ചും
ചക്രവർത്തി
സിംഹാസനം ഭദ്രമാക്കി
കെട്ടിയുയർത്തിയ കോട്ടകളിൽ
സാമ്രാജ്യങ്ങളുടെ അധിപന്
തോഴിമാരും പരിവാരങ്ങളും.
ഒടുവിൽ
ജീവിതത്തിന്റെ
തിരിനാളം അണയിൻ നേരം
ചക്രവർത്തി വിളിച്ചോതി
'കൂട്ടരേ...
ഞാൻ തിരിക്കുകയാണ്
പരമദരിദ്രനായിക്കൊണ്ട്.'
അപ്പോഴാണ് പ്രജകൾ
ജീവിതം സാർത്ഥകമാക്കേണ്ടതിനെ-
ക്കുറിച്ച് ചിന്തിച്ചത്.



# അപർണ ടി.എ

# <u>മാഗല്യം with കുരുവി</u>

പ്രിയപ്പെട്ട മയിൽ ചേട്ടൻ,

എന്റെയും കാക്കച്ചിയുടെയും മകൾ കുരുവിപ്പെണ്ണിന്റെ കല്ല്യാണം .വരൻ കുറുക്കൻ സ് ഹൗസിലെ മൂങ്ങകുട്ടന്റെയും പൊൻമാൻചേച്ചിയുടെയും പ്രിയപുത്രൻ കുയിൽ അണ്ണൻ . വിവാഹം പുലിമടയിൽവെച്ച് . സദ്യ ഒരുക്കുന്നത് പൂച്ചപ്പെണ്ണും ഗ്രൂപ്പും അന്നേ ദിവസം വൈകുന്നേരം 5 മുതൽ 8 വരെ നീർക്കോലി ചേട്ടന്റെ ഗാനമേളയിൽ എല്ലാവരും പങ്കെടുക്കണം

എന്ന്

കരടി<br>
കാക്കകരടി<br>
മുരിങ്ങതടം<br>
കുരുവികൂട്<br>
പി.എച്ച്.9999999999

ഉപചാരപൂർവം :കിങ്ങിണിയാട്



**_ശിവലക്ഷ്മി എസ്_**

# കടങ്കഥകൾ

*ആയിരം അറയിൽ ഒരു ഉണ്ണികൃഷ്ണൻ ?

വാഴപ്പിണ്ടി

*അമ്മ കൊലുന്നനെ മക്കളൊക്കേ തൊപ്പിക്കാർ ?

അടക്കാമരവും അടക്കയും

*ആയിരം പോലിസുകാർക്ക് ഒരു ബെൽറ്റ്?

ചൂൽ

*കാട്ടുകേറി ഓരിയിട്ടു ?

തോക്ക്

*തലയില്ലാത്തലൻ ചെവിയിട്ടാട്ടി ?

പറ

*ചെടിയിൽ കയ കയയിൽ ചെടി ?

കൈതചക്ക

*അമ്പാട്ടെ പട്ടിക്ക് മുമ്പോട്ട് വാൽ ?

ചിരവ

*പാലിൽ കരിമീൻ ?

## കണ്ണ്

*അടുക്കളെ കോവിലിൽ മൂന്നുണ്ട് ദൈവങ്ങൾ ?

അടുപ്പ് കല്ല്

*കാടുവെട്ടി പാറ കണ്ടു പാറവെട്ടി വെള്ളം കണ്ടു ?

തേങ്ങ



വർഗ്ഗീസ്

# *MY HERO*




*You held my hand*
*When I was small*
*You caught when I Fell*
*You are the hero of my childhood*
*And my later years as well*
*And every time I think of you*
*My heart fills with pride*
*Thought I will miss you dad*
*I know you are by my side*
*In laughter and in sorrow*
*In sunshine and through rain*
*I know you are watching over me*
*Until we meet again*



*JAIMY JOY*

# തുമ്പി വാവാ.....



*തുമ്പി തുമ്പി വാവാ ....*
*പൂന്തേനുണ്ണാൻ വാവാ വാ*
*വർണ്ണചിറകുകൾ വിടർത്തി വാവാ*
*തുമ്പി തുമ്പി  വാവാവാ*
*നിന്നെക്കാണാൻ എന്തുരസം*
*തുമ്പി തുമ്പി വാവാവാ*
*തുമ്പപ്പൂവിൽ ഇരിക്കാൻ വാ.....!*



ജെയ്മി ജോയി

# ശൈശവകാലം

കാലങ്ങളെറെ കഴിഞ്ഞുപോയി
മണ്ണപ്പം ചുട്ടുകളിക്കുന്ന കാലം-
കഴിഞ്ഞുപ്പോയ്
അമ്മയോടൊത്ത് നടക്കുന്ന കാലം-
കഴിഞ്ഞുപ്പോയ്
ശൈശവമങ്ങനെ കഴിഞ്ഞുപ്പോയ്
അങ്കണമുറ്റത്ത് ഓടിനടന്ന കാലം
കഴിഞ്ഞുപോയി
അമ്മയാം കരങ്ങൾ കോർത്ത്




**ആദ്യം കാൽവച്ച് നടന്നില്ലേ**
**ആദ്യം ചൊല്ലി അക്ഷരപ്പാട്ടുകൾ**
**ആദ്യം എഴുതിതന്നു**



**അതുല്യ പവിത്രൻ**

# പ്രിയപ്പെട്ട കൂട്ടുകാരൻ



*പണ്ടു പണ്ട് ആഫ്രിക്കയിലെ ഒരു ഗ്രാമം. അവിടെ ചില വീടുകളിൽമാത്രമേ വൈദ്യുദി എത്തിയിട്ടുള്ളൂ. അന്നാട്ടിലെ ഏറ്റവും വലിയ പണക്കാരനാണ് തിയോയുടെ അച്ഛൻ. അതുതൊണ്ടുതന്നെ മഹാ അഹങ്കാരിയാണ് തിയോ. അവന്റെ അയൽക്കാരനാണ് ദരിദ്രനായ താവ്. പാവപ്പെട്ട താവിന് നല്ലൊരു ഉടുപ്പുപോലുമില്ല. തിയോയും താവും ഒരേ ക്ലാസിലാണ് പഠിക്കുന്നത്.*
*" അയ്യേ താവിന്റെ വീട്ടിലെന്താ വെള്ളമില്ലേ? അവന്റെ ഉടുപ്പ് കണ്ടോ ആകെ അഴുക്കാ ! .തിയോ എപ്പോഴും ഇതു പറഞ്ഞ് അവനെ കളിയാക്കും. പാവം താവ്, അതു കേട്ട് ഒന്നും മിണ്ടാതെ തല താഴ്ത്തി നടക്കുകയേ ഉള്ളൂ.*

*അങ്ങനെ ഇരിക്കെ ഒരു ദിവസം എല്ലാവരോടും അവരവരുടെ ഏറ്റവും നല്ല കൂട്ടുകാരുടെ പേരെഴുതാൻ ആവശ്യപ്പെട്ടു. എല്ലാവരും കൂട്ടുകാരുടെ പേര് ഉറക്കെ പറഞ്ഞു. " താവ് നീ പറയൂ, ആരാ നിന്റെ നല്ല കൂട്ടുകാരൻ? " ടീച്ചർ ചോദിച്ചു. " തിയോയാണ് ടീച്ചർ*
*എന്റെ പ്രിയ കൂട്ടുകാരൻ." താവിന്റെ മറുപടി കേട്ട് ഞെട്ടിപ്പോയി !*
*" എന്ത് ! ഞാനെങ്ങനെ നിന്റെ കൂട്ടുകാരനാകും? " തിയോ ദേഷ്യത്തോടെ താവിനോട് ചോദിച്ചു.*

*" തിയോ, നീയാണെന്നെ പഠിക്കാൻ സഹായിക്കുന്നത്."*
*നിന്റെ വീട്ടിലെ ബൾബിന്റെ വെളിച്ചത്തിലാണ് എന്റെ വീട്ടിലിരുന്ന് ഞാൻ പഠിക്കുന്നത്. അപ്പോൾ നീയല്ലേ എന്റെ നല്ല കൂട്ടുകാരൻ... "*
*താവിന്റെ മറുപടി കേട്ട് തിയോയ്ക്ക് സങ്കടമായി.*
*അതിനു ശേഷം തിയോ താവിനെ വിഷമിപ്പിച്ചിട്ടേ ഇല്ല.*




*ലിന്റാ മേരി*

# നദിയുടെ നൊമ്പരം

ആയിരം കാതങ്ങൾക്കകലെയെങ്ങോ
ഈ പ്രകൃതിയുടെ ഭാഗമായ് തീർന്നവളെ
അന്നു നീ വെണ്മയാർന്നവൾ
എന്നാൽ ഇന്നോ ഒരു നൊമ്പരം മാത്രം

ഒരിക്കൽ കവികളാൽ തിളങ്ങിയവൾ
ഇന്ന് അവരിലൂടെ വ്യസനിക്കുന്നു
ഓരോ നെടുവീർപ്പിലും നിൻ മുഖം മങ്ങുമ്പോൾ
ഓർക്കുന്നില്ല മാനവൻ തൻ നാശം




അന്നു നീ കീർത്തി നേടും
നിൻ പുണ്യമാം നൽവരത്തെയോർത്ത്
നൊട്ടുവീർപ്പും മനുഷ്യസമൂഹം
തൻ വഷളമാം പ്രവണതകളെ നോക്കി



നേഹ ജോസ്

# ജീവിത നൗക

*ജീവിതമാം നൗക തുഴഞ്ഞു നീങ്ങാൻ
കഴിയുന്നില ഹാ! കഷ്ടം
ഒരോരോ മനുഷ്യനമോരോരോ കടമകൾ
ചെയ്തുതീർക്കാൻ പണിപ്പെടുന്നു നിത്യം
ചിലരൊന്നും മാളികമുകളിൽ തന്നെ നിത്യം
ചിലരോ താണും പൊങ്ങിയും ജീവിതമാം
നൗക തുഴഞ്ഞിടുന്നു.
ബാല്യ കാലം ഹാ! നല്ലകാലം
ഒന്നുമറിയാതെ കളിച്ചും ചിരിച്ചും
അഭ്യസിച്ചും മനസു നിറഞ്ഞ്
രസിച്ചിടുന്ന നല്ലകാലം
കാലമാം ആഴിയിൽ തോണി
തുഴഞ്ഞു നീങ്ങിടുമ്പോൾ
ബാല്യ കൗമാര യൗവന ഘട്ടങ്ങളിൽ
അടർന്നു പോകുന്ന നമ്മുടെ
സുഖ സന്തോഷ മലരുകൾ
ജീവിത തോണി തുഴയുന്ന ചിലർ
സ്വപ്നങ്ങളെല്ലാം പിടിച്ചടക്കി വാഴുന്നു
സ്വപ്നങ്ങളെല്ലാം കാറ്റിൽ പറത്തി
കഴിയുന്ന ചിലർ യന്ത്രമെന്നപോലെ
ഒന്നും ചെയ്യാൻ കഴിയാതെ
അന്യർ തന്നാജ്ഞകളനുസരിപ്പാൻ*




വിധിക്കപ്പെട്ടവർ പെട്ടന്ന കിട്ടുന്ന
സ്വാതന്ത്ര്യം ആവോളം നുകരുമ്പോൾ
ചെന്നുവീഴുന്ന കയ്പ്പു രസങ്ങളിൽ
ജീവിത ദു:ഖങ്ങൾ ഹാ! എത്ര ഭയാനകം
എങ്കിലുമീ ദു:ഖങ്ങൾക്കുള്ളിലും
ആമോദത്തിൽ മുത്തുകണ്ടെത്തുന്ന
ചിലർ ആഴിതൻ ചിപ്പിക്കുള്ളിൽ
ആറടിമണ്ണിലേക്ക് എത്തും മുൻപായ്
പലവിധവേഷങ്ങണിഞ്ഞും
പലവിധ ആട്ടങ്ങളാടിയും
സുഖ ദു:ഖ സമ്മിശ്ര ജീവിത യാത്രയിൽ
സർവ്വേശ്വരൻ മാത്രം എന്നും തുണ.



ആൽബിൻ

# വൃക്ഷങ്ങൾ നമ്മുടെ അമ്മ




ഹേ... മനുഷ്യാ ഓർക്കുക, നിന്റെ ജന്മം പ്രകൃതിയുടെ ദാനമാണ്.... നിനക്ക് ശ്വസിക്കാൻ വായു തരുന്ന മരങ്ങളെ നീ നിന്റെ സ്വാർത്ഥതാൽപര്യങ്ങൾക്ക് വേണ്ടി നശിപ്പിക്കുന്നു.ഒരു മരം വെട്ടി നശിപ്പിക്കുമ്പോൾ നമ്മുടെയുള്ളിൽ ഒരു കുറ്റബോധമോ വേധനയോ ഉണ്ടാകുന്നില്ല.ഒരു മനുഷ്യൻ അവന് ചെയ്തിട്ടുള്ള ഉപകാരങ്ങളേക്കാൾ കൂടുതലായി ഒരു മരം അവന് ചെയ്തിട്ടുണ്ടാവും.ഇന്ന്

***വനങ്ങളുടെ തകർച്ച ഫർണിച്ചറുകളുടെ ഉയർച്ചയ്ക്ക് കാരണമാകുന്നു. ഇന്ന് വിവിധതരം തടികൊണ്ട് നിർമ്മിച്ച ഫർണിച്ചറുകൾ നമുക്ക് വാങ്ങാൻ കഴിയും.നമ്മുടെ പ്രിയപ്പെട്ടവർ നമ്മെ വിട്ടുപോകുമ്പോൾ ഉണ്ടാകുന്ന വേദനയാണ് ഓരോ മരം വീഴുമ്പോഴും ഒരു യഥാർത്ഥ മനുഷ്യന് ഉണ്ടാകേണ്ടത്.***



***ജെഫിൻ***



# വിരഹത്തിൻ നൊമ്പരം

ഒരു ജന്മം അമ്പരമാക്കിയെൻ കലാലയം
വിട്ടകലുകയായ് എൻമനവും തണവും
സ്നേഹപൂരിതമാം വർഷങ്ങൾ
എൻ ഹൃദയത്തെ തൊട്ടുണർത്തുന്ന
മധുരമാം വേദനകൾ
എൻ മനസ്സിൽ സ്വപ്നങ്ങൾ തീർത്ത
വർണ്ണ ശബളമാം ഈ വിഹായസ്സിൽ
പരിപൂർണ്ണമാവാത്തൊരു സംഗീതം പോൽ
നിശ്ചലം, ശൂന്യം ഈ ജന്മഗേഹം
നീർമുത്തുകൾ സ്വപ്നവീഥിയിൽ പാകി
നിൻ മടിയിൽ നിന്നകലുകയായ് ഞാൻ....!



## *അവിനഷ്*






REDMI NOTE 5 PRO
MI DUAL CAMERA

# നഷ്ട വസന്തം



ക്രൂരത ഘടിപ്പിച്ച മനുഷ്യയന്ത്രം
മുന്നിൽ കണ്ട വഴിയും പുഴകളും
കുടിയൊഴിപ്പിച്ചു
വരമ്പിനൊപ്പം പൊക്കംവെച്ച വയലുകൾ
പച്ചപ്പിനോടുള്ള പ്രണയം മതിയാക്കി
മഴനൂലുകൾക്കിടയിലൂടെ വാഴത്തണ്ടിൽ
കുടംപിടിച്ച്
നടന്ന കാലത്തിന്റെ ഓർമ
മച്ചിൻപുറത്ത് കയറി മഞ്ഞു
സങ്കടക്കാഴ്ചകളിലേക്ക് തുറന്ന വാതായനം
മിഴിപൂട്ടിയ മൗനത്തിന് കാരണമായ്
കരിപ്പുകയേറ്റ് വാടിയവന്
ഇലകൊഴിഞ്ഞ മരത്തിന്റെ തണൽ
തൊണ്ടയിൽ കുടുങ്ങിയ മായത്തിന്
വിഷപാനീയത്തിന്റെ ദാഹശമനം

സ്വന്തം സ്വപ്നം മറ്റുള്ളവർക്ക് കൂടി
അന്യമാകുന്നതിന്റെ സമയവേഗം ആരളക്കും




**അപർണ ടി.എ**


KERALA FLOOD

# ബാപ്പുജി

ഗാന്ധിജി നമ്മുടെ  രാഷ്ട്രപിതാവ്
വിശ്വം വാഴും ഇഷ്ടപിതാവ്
കുട്ടികൾക്കെന്നും ദാതാവ്
ബാപ്പുജി എന്ന മഹാത്മാവ്
മാനവ ലോകത്തിന്റെ  കിനാവായ്
എന്നും കുട്ടികൾക്കൊപ്പമിരിക്കാൻ
സ്വാഗതമോതീടുന്നു ഞങ്ങൾ
സ്വാതന്ത്ര്യദിനവുമായി
ബാപ്പുജിയെ എതിരേൽപ്പൂ ഞങ്ങൾ.



# അനഘ കെ. യു


# എന്റെ ഗ്രാമം

ഗ്രാമമിന്നു വെറും ഓർമ്മ മാത്രം
കാണാൻ കൊതിക്കുന്ന വർണ്ണചിത്രം
മലയാളക്കരയാകും സുന്ദരചിത്രം
കാണാൻ കൊതിക്കുന്ന വർണ്ണചിത്രം
മലകളും പുഴകളും വയലും
അരുവിയും
പൂത്തുനിൽക്കുന്ന വർണ്ണപ്പൂക്കടലും
പാറിടും ചിത്രശലഭങ്ങളും പ്രാവും
ഏറെ പച്ചപ്പും ഉടുത്തുനിൽപ്പൂ.
ഗ്രാമത്തിൻ വർണ്ണമനോഹരചിത്രം
കർണ്ണത്തിൽ,കണ്ണിൽ ചിറകടിപ്പൂ
ആഹാ, മനോഹരി,റാണിയിവളെത്ര
മായാമനോഹരി എൻമനസ്സിൽ ..






ലിന്റാ മേരി



# വിരഹത്തിൻ നൊമ്പരം

ഒരു ജന്മം അന്വരമാക്കിയെൻ കലാലയം
വിട്ടകലുകയായ് എൻമനവും തനുവും
സ്നേഹപൂരിതമാം വർഷങ്ങൾ
എൻ ഹൃദയത്തെ തൊട്ടുണർത്തുന്ന
മധുരമാം വേദനകൾ
എൻ മനസ്സിൽ സ്വപ്നങ്ങൾ തീർത്ത
വർണ്ണ ശബളമാം ഈ വിഹായസ്സിൽ
പരിപൂർണ്ണമാവാത്തൊരു സംഗീതം പോൽ
നിശ്ചലം, ശൂന്യം ഈ ജന്മഗേഹം
നീർമുത്തുകൾ സ്വപ്നവീഥിയിൽ പാകി
നിൻ മടിയിൽ നിന്നകലുകയായ് ഞാൻ....!



**_അവിനഷ്_**

# മലയാളത്തിന്റ മരണം

കേരളമെന്നൊരു നാടിന് പിറവിയില്
മലയാളമെന്നവന് വിരഞ്ഞിറങ്ങി.
നമ്പ്യാരും അച്ഛനും ചേര്ന്നിണങ്ങുന്ന
നിരതന്നെയവനെപാലൂട്ടി
വമ്പരില് കൊമ്പനായ് അമ്പമ്പോ ഇവന്
അംബരം ചുബിച്ച നില്ക്കയായി.
മാതാപിതാക്കള് മരിച്ച പിന്നെ, ചെറു-
ശ്ശേരിയും ആശാനും ദത്തെടുത്തു.
പിന്നെപ്പിന്നങ്ങനെമേല്പ്പോട്ടുയര്ന്നിവന്
വന്ന വഴിയെല്ലാം മാറിപ്പോയി
കേരളമെന്നൊരു നാടിന് മറവിയില്
മലയാളമെന്നതലിഞ്ഞിറങ്ങി.
'മലയാള'മെന്നത് 'മലയാല' മായ്മാറി



# പ്രദ്ധ്യുമന്നന്

# വൃദ്ധ വിലാപങ്ങൾ

''എടുക്കുന്ന സാധനങ്ങൾപിടിതരാതെ
ചിലപ്പോൾ എന്റെ കയ്യിൽ നിന്ന് വീണുടയാറുണ്ട്."
കുട്ടി പറഞ്ഞു.



"എനിക്കും പറ്റാറുണ്ട് അതൊക്കെ"
വൃദ്ധൻ കുട്ടിക്ക് സാന്ത്വനം പകർന്നു.
കുട്ടി വിഷാദത്തോടെ പകുതി മന്ത്രിച്ചു.
"ഈയിടയായി ഇത് എനിക്കും സംഭവിക്കാറുണ്ട്." കുട്ടി പരിദേവനം കൊണ്ടു.
"ഞാനും" വൃദ്ധൻ പ്രതിവചിച്ചു.
"പക്ഷേ ഏറ്റവും സങ്കടം എനിക്ക്...."
കുട്ടി ഗദ്ഗദകണ്ഠനായി, "മുതിർന്നവർ എന്നെ, ഞാന പറയുന്നതിനെ ഗൗനിക്കാത്തതിലാണു."
വൃദ്ധൻ ദുർബ്ബലമായ തന്റെ കൈകൾ കൊണ്ട് കുട്ടിയെ അധികമായൊരാശ്ലേഷത്തിലമർത്തി.
"നീ പറയുന്നത് എനിക്ക് മനസ്സിലാവുന്നുണ്ട്."
വൃദ്ധന്റെ വാക്കുകൾ മുറിഞ്ഞുവീണു.



# വൈശാഖ്

# മുത്തശ്ശിയുടെ അതിമോഹം

**കവിത**

***ക്ലനം വിളയിലെ മുത്തശ്ശിക്കു-***
***ണ്ടൊരു മോഹം അടുത്തിടയായ്***
***ക്രിക്കറ്റൊന്ന കളിക്കേണം***
***ബാറ്റിങ്ങൊക്കെ ചെയ്യേണം***
***റൺസുകളോടിയെടുക്കേണം***



***ബാറ്റിങ്ങ് ചെയ്യും നേരത്തയ്യാ-***
***തടുപിടുവീണ മുത്തശ്ശി***
***കണ്ണും കിണിയും കാണാതെങ്ങനെ***
***ബാറ്റിംഗ് ചെയ്യും മുത്തശ്ശി.***
***എന്തുപറഞ്ഞെടാ കുസൃതിക്കുട്ടാ***
***ഇപ്പോഴത്തെ ഫാഷൻ കളിയിതു***
***ക്രിക്കറ്റാടാ കുട്ടപ്പാ....!***



***അവിനാഷ്***

# കാനനം

ബാലാദിത്യനതിക്കുന്നേര-
മാഴക്കലിൽ മുങ്ങിതോർത്തി
ആടിപ്പാടി പോകുന്നിതാ തെന്നൽ.
കിളിക്കൊഞ്ചലുകൾകൊണ്ടും
പൂമണം കൊണ്ടും




മുഖരിതമാം ആ
കാനനത്തിലെങ്ങോ.....
പുള്ളിമാനുകൾ നൃത്തംവയ്ക്കുന്നു,
കിളിക്കൂട്ടങ്ങൾ
ഗാനമാലപിക്കുന്നു
സർഗ്ഗസുന്ദരമാം ആ വനത്തിൽ.
തടാകക്കരയിൽ കളിച്ചുനടന്ന്
ആഹ്ലാദിക്കും അരയന്നക്കൂട്ടങ്ങൾ,
ആ അരയന്നങ്ങളിലൊന്ന്
തടാകം നിറഞ്ഞ് നിൽക്കുന്ന
ആമ്പൽ പൂക്കളെ ചുംബിക്കുന്നു.
അവ തുള്ളി ചാടി ഉല്ലസിക്കുന്നു.



# അമ്പിളിക്കുട്ടൻ



# മാറുന്ന ഭക്ഷണശീലവും മാറാരോഗങ്ങളും

കേരളത്തിന്റെ ആരോഗ്യസ്ഥിതി ഇന്ന് വലിയൊരു തകർച്ചയെ നേരിടുകയാണ്. മലയാളികളുടെ 89% മരണവും - ഹാർട്ട് അറ്റാക്ക്, ക്യാൻസർ , പക്ഷാഘാതം തുടങ്ങിയ ജീവിത ശൈലി രോഗങ്ങൾ മൂലമാണ്. റോഡപകടങ്ങളും ആത്മഹത്യക-ളും ഇതിനു പുറമേയാണ്. നമ്മൾ ഓരോരുത്തരും സ്വന്തം വീടുകളും അയൽ-വീടുകളും ഒന്നു പരിശോധിച്ചുനോക്കിയാലോ പ്രമേഹം ,ബി.പി ,ഹാർട്ട് അറ്റാക്ക് ,കൊളസ്ട്രോൾ ,പക്ഷാഘാതം ,കരൾ രോഗങ്ങൾവ തുടങ്ങിയ രോഗങ്ങൾ ഇല്ലാത്ത വ്യക്തികളും കുടുംബങ്ങളും വളരെ

കുറവാണ്. അനാരോഗ്യകരമായ ജീവിതശൈലിയും ഭക്ഷണരീതിയുമാണ് നമ്മളെ ഇതുവരെ കൊണ്ടെത്തിച്ചത്. ഒരു വ്യക്തി എങ്ങനെ ജീവിതം ചിലവിടുന്നു എന്നതാണ് ജീവിതശൈലിയുടെ അടിസ്ഥാനം. മനുഷ്യശരീരം കോശങ്ങളും അവയവങ്ങളും അടങ്ങുന്ന സങ്കീർണ്ണ പ്രതിഭാസമാണ്. ശരീരത്തിന്റെ ശരിയായ പ്രവർത്തനവും ആരോഗ്യവും നിലനിർത്താൻ നല്ല ഭക്ഷണവും ഉത്തമ ജീവിതശൈലിയും വേണം, എന്നാൽ ഇത് രണ്ടും ഇന്ന് തകർച്ച-യിലാണ്. നമ്മുടെ ഭക്ഷണ രീതിയും പാചകരീതിയും അടിമുടി മാറിയിരിക്കുന്നു. മാംസാഹാരത്തിന്റെ അമിത ഉപയോഗം മലയാളികളുടെ ശീലമായി. വറുത്തതും പൊരിച്ചതുമായ വിഭവങ്ങൾ നമ്മുടെ തീൻ മേശയിൽ നിരക്കുന്നു. ലെയ്സ് ,ബർഗ്ഗർ കട്‌ലറ്റ് തുടങ്ങിയ വിഭവങ്ങളും ഇറച്ചി ,മീൻ മുതലായവയും മലയാളികളെ ജീവിതശൈലി രോഗത്തിലേക്ക് അത്രവേഗം എത്തിക്കുന്നു. ഇലവർഗ്ഗങ്ങളുടെയും പച്ചക്കറികളുടെയും പഴങ്ങളുടെയും ഉപയോഗം തീരെ കുറവായി

വരുന്നു. ഇന്ത്യൻ ജനതയെ വിശേഷിച്ച്
കേരളീയരെ കാർന്നു തിന്നുന്ന
നിശബ്ദമായി കൊല്ലുന്ന ജീവിതശൈലി
രോഗങ്ങളെ നമ്മൾ പടിക്കു
പുറത്താക്കാൻ ശ്രമിക്കണം.
അതിനായി കുട്ടികളായ നമുക്ക്
ഒരുമിച്ച് പോരാടാം



നയന

# കിന്നരിപ്പൂമ്പാറ്റ



പാറിനടക്കും പൂമ്പാറ്റേ
പുഞ്ചിരി തൂകും പൂമ്പാറ്റേ
പാറിനടക്കുവതെന്താണ്
പൂന്തേനൊന്നും കിട്ടീല്ലേ
ആവണി മാസം പുലരുമ്പോൾ
പൂക്കൾ നിന്നു ചിരിക്കുമ്പോൾ
എൻ മുറ്റത്തെ  പൂച്ചെടിമേൽ
പൂന്തേനുണ്ണാൻ  വരികില്ലേ
കാറ്റത്താടും ചെണ്ടിന്മേൽ
പുഞ്ചിരി തൂകാൻ നീയെന്നും
പൂന്തോട്ടത്തിൽ വരികില്ലേ
പൂക്കൾതോറും ചെല്ലില്ലേ...............



നേഹ ജോസ്

# കേരളത്തിലെ കലകൾ

## മോഹിനിയാട്ടം



കേരളത്തിൽ ഉത്ഭവിച്ച ശാസ്ത്രീയ നൃത്തരൂപമാണ് ഇത് സ്ത്രീകൾ ലാസ്യരസപ്രധാനമായി അരങ്ങിൽ അവതരിപ്പിക്കുന്ന ഒന്നാണ് മോഹിനിയാട്ടം അതുകൊണ്ടു തന്നെ ഇതിന്റെ ഏറ്റവും പ്രധാനഭാവരസം ശൃംഗാരമാണ് കലാമണ്ഡലം കല്യാണിക്കുട്ടിയമ്മ ദക്ഷിണേന്ത്യയിലെ മോഹിനിയാട്ടത്തിന്റെ മാതാവ് എന്നറിയപ്പെടുന്നു

## കഥകളി



കേരളത്തിലെ തനതു കലാരൂപമാണ് കഥകളി സകലകലകളുടെയും സംഗമമായ കലകളുടെ എന്നിങ്ങനെയറിപ്പെടുന്ന കേരളത്തിലെ ഉദാത്ത നാട്യരൂപമായ കഥകളി പൊതുവേ നൃത്തനാട്യം എന്നു വിശേഷിക്കപ്പെടുന്ന കഥകളിയുടെ ആദ്യരൂപം രാമനാട്ടമാണ് സാഹിത്യരൂപം ആട്ടക്കഥയും കോട്ടയത്തു തമ്പുരാനെയാണ് കഥകളിയുടെ ഉപജ്ഞാതാവായി കണക്കുന്നത്.



***ജെയ്മി ജോയി***

# MY MOTHER IS A ......



*Mother is like earth*
*Who gave as birth*
*A gift of god and*
*the master of every task.*

*She is a walking  miracle*
*Who shows me the right way*
*To accomplish my dream.*
*She is a guide*
*Who forbids me*
*From doing bad deeds.*
*She is a pillar*
*Who support me when*
*I am about to fall*


*She is kind*
*And never goes blind*

*When I try to escape*
*From my responsibilities*
*Her love is inehaustible and so is*
*My affection towards her.*
*And hence no one in the world*
*can take her place.*



*HARI KRISHAN*

# ARE YOU AWARE OF YOUR WORLD..?



*Know this world and fly high*
*Not only with your brain*
*But also too with your mind*
*Open your eyes and let your*
*Wings get sharpened*
*Learn through books;*
*Earn through your experience.*
*Domineer this world and*
*Gain in this journey of life,*
*Earning more knowledge........*




*RESHMITHA*

# I AM A FLOWER



*I am a flower*
*When blooms everyday*
*My life span is zero*
*Who lends me as hero*
*Everyone plucks me*
*To enjoy it's brightness.*
*For a minute, I will be their baby.*
*After that my life is in the heaven,*
*I live their for long, like and angel.*



*NEHA*

# *TEARS*




*I began to cry*
*Tears rolled on my cheek*
*Its raining outside*
*Is nature also weeping with me ?*

*What's in a tear*
*Sorrow , hurt and fear........*
*That's in the rain*
*Pity and pain......*
*The two so alike*





*I can't tell them apart*
*But one is mine........*
*The other is God's*
*Both are from the heart.*

LINTA



# കാട്ടിലെ കൂട്ടുകാർ



അണ്ണാറക്കണ്ണാ വന്നാട്ടേ
മാമ്പഴമൊന്ന് തന്നാട്ടേ
തുമ്പീ തുമ്പീ വന്നാട്ടേ
തുമ്പിതുള്ളാൻ വന്നാട്ടേ
തത്തേ തത്തേ വന്നാട്ടേ
തൊട്ടുകളിക്കാൻ വന്നാട്ടേ
മയിലേ മയിലേ വന്നാട്ടേ
പീലിവിടർത്തി നിന്നാട്ടേ
കുയിലേ കുയിലേ വന്നാട്ടേ
മധുരപ്പാട്ടുകൾ തന്നാട്ടേ
കാറ്റേ കാറ്റേ വന്നാട്ടേ
കാടിൻകാര്യം ചൊന്നാട്ടേ
മഴയേ മഴയേവന്നാട്ടേ
ചന്നം പിന്നം പെയ്താട്ടേ
കാട്ടിലെ കൂടവട്ടുകാർ വന്നല്ലോ
ഇനായൊന്നിച്ച് കളിക്കാല്ലോ



# ഹരികൃഷ്ണൻ



# <u>ഉദയാർക്കരശ്മികൾ</u>

*ഉദയാർക്ക രശ്മികൾ പുളകം പുണർന്നൊരി*
*ബാലസഭയുടെ മടിയിൽ*
*ആദ്യാക്ഷരത്തിൽ തുടങ്ങി നാം അറിവിന്റെ*
*അക്ഷര ചെപ്പ് തുറക്കാം.*
*പച്ചപ്പുതപ്പ് അണിഞ്ഞ് ആദിത്യനേവലം*
*വെയ്ക്കുന്ന ജീവന്റെ മുന്നേ*
*നീ ദാനമായി തന്നു മണ്ണിന്റെ വീര്യവും*
*വെള്ളവും വായുവുമെല്ലാം*
*പൊരുതുന്ന പാർഥന്റെ രഥചക്രവേഗത്തിൽ*
*അജ്ഞത കൂരിരുൾ നീക്കാം.*
*അന്നത്തിനായി കേഴും അപരന്റെ കണ്ണുനീ-*
*രൊപ്പമീ പുസ്തക തുമ്പാൽ*



**രശ്മിത**

# പൂക്കൾ



കുഞ്ഞുമോൾ
ഉദ്യാനത്തിലേക്ക്
പൂക്കൾ
ശേഖരിക്കാൻ
പോയതായിരുന്നു.
കാട്ടുവള്ളികൾക്കിടയിലെ
മുൾപ്പടർപ്പിൽ നിന്ന്
അവളെ കണ്ടെടുക്കും നേരം
പിരിയാൻ മടിച്ച
പുഷ്പങ്ങളും
അവളോടൊപ്പം.
അവൾ നുള്ളിയ ഇല
പൂക്കൾ
കുഴിമാടത്തിൽ വെച്ച്
ആളുകൾ
തിരിഞ്ഞു നടന്നു.



*നയന ബാബു*



# ക്ഷണക്കത്ത്

ശ്രീ. തക്കാളി എഴുതുന്നത്,

പ്രിയപ്പെട്ട വെണ്ടയ്ക്കേ, എന്റെ മകൾ ബീറ്ററൂട്ടും ചീരവീട്ടിലെ പരേതനായ ബീൻസും തമ്മിൽ ഈ വരുന്ന തേങ്ങാമാസത്തിൽ മാങ്ങാ ദിവസം കയ്പക്കാ പന്തലിൽവെച്ച് വിവാഹിതരാവുകയാണ്.

ഇതിനോടനുബന്ധിച്ച് അന്നേ ദിവസം രാത്രി 9 : 00 യ്ക്ക് മുരിങ്ങാക്കോലും സംഘവും അവതരിപ്പിക്കുന്ന കോൽകളിയും വെളിച്ചെണ്ണയിൽ കടുകിന്റെ ഓട്ടൻ തുള്ളലും മുളകിന്റെ നൃത്തവും ഉണ്ടായിരിക്കുന്നതാണ്.

കൂടാതെ പ്രശസ്ത ഗായകർ

മത്തങ്ങയുടെയും വഴുതനങ്ങയുടെയം ഗാനമേളയും തുടർന്ന് ചക്കക്കുരുവും കൂട്ടാനും സംഘടിപ്പിക്കുന്ന വെടിക്കെട്ടും ഉണ്ടായിരിക്കും.

താങ്കളെ കുടുംബസമേതം ഈ മംഗളകർമ്മത്തിൽ പങ്കെടുക്കുവാൻ സാദരം ക്ഷണിക്കുന്നു.

എന്ന്,

തക്കാളി.




അപർണ രമണൻ

# പൂമ്പാറ്റ



**കവിത**

**പുള്ളിയുടിപ്പിട്ട പൂമ്പാറ്റേ**
**തുള്ളിപ്പറക്കുന്നതെങ്ങോട്ട്**
**ഒന്നു നിൽക്കാമോ തെല്ലനേരം**
**ഞാൻകൂടെ പോന്നോട്ടെ നിന്റെ ഒപ്പം**
**തെല്ലൊന്നു നിന്നെന്നാൽ തന്നിടാം**
**ഞാൻ**
**കഴുത്തിലണിയുവാൻ മുല്ലമാല.........**



അതുല്യ പവിത്രൻ

# പൂമ്പാറ്റ



**കവിത**

പൂള്ളിയുടിപ്പിട്ട പൂമ്പാറ്റേ
തുള്ളിപ്പറക്കുന്നതെങ്ങോട്ട്
ഒന്നു നിൽക്കാമോ തെല്ലുനേരം
ഞാൻകൂടെ പോന്നോട്ടെ നിന്റെ ഒപ്പം
തെല്ലൊന്നു നിന്നെന്നാൽ തന്നീടാം ഞാൻ
കഴുത്തിലണിയുവാൻ മുല്ലമാല.........




# അതുല്യ പവിത്രൻ

# നന്ദി

**മാഗസിൻ നിർമ്മാണത്തിനു സഹായിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും സഹായിച്ച അദ്ധ്യാപകർക്കും നന്ദി.**

**'മിറാക്കി'**





അഡ്വ. ഷാനിമോൾ ഉസ്മാൻ
(അരൂർ)
മെമ്പർ
കേരള നിയമസഭ

ഫോൺ
മൊബൈൽ : 9447253703
റൂം നമ്പർ 203, പമ്പ ബ്ലോക്ക്,
എം. എൽ. എ. ഹോസ്റ്റൽ,
തിരുവനന്തപുരം.
ഇ-മെയിൽ : shanimolosman@gmail.com

സ്ഥലം: തിരുവനന്തപുരം,
തീയതി: 18-11-2019.

## സന്ദേശം

തൈക്കാട്ടുശ്ശേരി എസ്.എം.എസ്.ജെ. എച്ച്.എസ്.ലെ കൊച്ചുമിടുക്കർ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളുടെ ഭാഗമായി ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷിക്കുന്നു. അതിവേഗം മാറുന്ന ഡിജിറ്റൽ ലോകത്തിലെ മാറ്റങ്ങൾ തൊട്ടറിയുന്നതിന് നിങ്ങൾക്ക് ഇതിലൂടെ സാധ്യമാകട്ടെ എന്ന് ആശംസിക്കുന്നു. നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ വിജയങ്ങളും നേരുന്നു.

സ്നേഹത്തോടെ,

അഡ്വ. ഷാനിമോൾ ഉസ്മാൻ എം.എൽ.എ.

☆ എത്രയും പെട്ടെന്ന് നമുക്ക് നേരിൽ കാണാം ....